വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.KSAEKM.(BP)2207 /17

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.14.11.2017
e-mail.lfadekm@gmail.com
0484- 2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ബ്ലോക്ക്പഞ്ചായത്ത്
സർ,

വിഷയം : വാഴക്കുളം ബ്ലോക്ക്പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും,ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.KSAEKM.(BP)2207 /17

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.14.11.2017.
e-mail.lfadekm@gmail.com
0484- 2422271

## എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

******************************************************************

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 26.08.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.11.2017 മുതൽ 08.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷേർളി പീറ്റർ, ഓഡിറ്റ്ഓഫീസർ |
| | ശ്രീ.പ്രസാദ്.പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിബു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സി.കെ.മുംതാസ് | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ .റ്റി.കെ.അഭിജിത്ത് | 01.04.2016 മുതൽ 30.06.2016 വരെ |
| | ശ്രീമതി..കെ.ജെ.ഡെയ്സി (ജോയിന്റ്.ബി.ഡി.ഒ-അഡീഷണൽ ചാർജ്ജ്) | 01.07.2016 മുതൽ 31. 07.2016 വരെ |
| | ശ്രീ.കെ.എ.റിച്ച്മോൻ | 01.08.2016 മുതൽ 31.03.2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. സജിനി ആർ നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ടി.എൻ. മിനി | 01.04.2016 മുതൽ 31.10.2016 വരെ |
| | ശ്രീ. പി.യു ശിവപ്രസാദ് | 01.11.2016 മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. ഫ്രാൻസിസ് ജോൺ | 01.04.2016 മുതൽ 03.07.2016 വരെ |
| | ശ്രീമതി.ഷഫീന .എം | 04.07.2016 മുതൽ 05.08.2016 വരെ |
| | ശ്രീ. അബ്ദുൾ കബീർ. എം.എം | 06.08.2016 മുതൽ 15.08.2016 വരെ |
| | ശ്രീമതി. പാർവ്വതി കൃഷ്ണപ്രസാദ് | 16.08.2016 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. വിജി രാജ് എം.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി. എൻ. എം. വിജയമ്മ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി. ശ്രീനി വർഗ്ഗീസ് | 01.06.2016 മുതൽ 13.07.2016 വരെ |
| | ശ്രീമതി.കെ.എം.സൂസൻ | 14.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി വെങ്ങോല) | ഡോ. ധന്യ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി മലയിടംതുരുത്ത്) | ഡോ. സി.അനില കുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. ജാസ്മിൻ കെ എ | 01.04.2016 മുതൽ 03.07.2016 വരെ |
| | ശ്രീമതി. ഉഷാദേവി കെ ആർ | 04.07.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം -3 | |
| 11 | ഗ്രാമസഭയുടെ അംഗീകാരം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകി. | 3-1 |
| 12 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-2 |
| 13 | ഭവന നിർമ്മാണ പദ്ധതികൾ -അവലോകനം | 3-3 |
| 14 | വാഴക്കുളം ബ്ളോക്ക് പഞ്ചായത്ത് എസ്.സി.പി.ഫണ്ട് വിനിയോഗം സംബന്ധിച്ച് | 3-4 |
| 15 | നെട്ടുമല എസ്.സി .കോളനി നവീകരണം (വെങ്ങോല പഞ്ചായത്ത് ) -അപാകതകൾ | 3-5 |
| 16 | മരാമത്തു പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപ്പാക്കിയത് അനുകരണീയം | 3-6 |
| | ഭാഗം 4 | |
| 17 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 18 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 19 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 20 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 21 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 22 | ഓഡിറ്റ് റിക്കവറി | 4-6 |
| 23 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 24 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 25 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

| | | |
|---|---|---|
| 26 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 27 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 28 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 29 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03/03/2016 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 21,67,46,181 | 21,63,96,181 |
| വാർഷിക കണക്ക് പ്രകാരം<br>(വരവു ചെലവു പത്രിക പ്രകാരം) | 7,52,73,939 | 7,59,05,760 |

നാമമാത്രമായ തനതു വരുമാനം മാത്രമുള്ള ബ്ലോക്ക് പഞ്ചായത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിയ്ക്കുന്ന നിശ്ചിത ഗ്രാന്റുകൾ മാത്രമാണ് വരവുള്ളതെന്നിരിക്കെ യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്ത രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്. ബജറ്റ് യാഥാർത്ഥ്യത്തിന് നിരക്കുന്ന രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 31.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അക്കൗണ്ട്സ് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഐ.എ.വൈ ഭവനപദ്ധതിക്കുവേണ്ടി വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് എറണാകുളം ജില്ലാസഹകരണ ബാങ്ക് പെരുമ്പാവൂർ ബ്രാഞ്ചിൽ നിന്ന് 21.05.2013-മുതൽ 31.3.2014 വരെയുള്ള കാലയളവിൽ പല ഗഡുക്കളായി 73,00,000/- രൂപ വായ്പയെടുത്തിട്ടുണ്ട്. ഈ വായ്പയുടെ 2016-17 ലെ തിരിച്ചടവുതുകയായ 7,82,113/-രൂപയുടെ വിവരം വാർഷിക കണക്കിൽ ചേർത്തിട്ടില്ല. വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിൽ ഈയിനത്തിലുള്ള ബാധ്യത മുൻ വർഷത്തെ തുകയായ 21,42,411/-രൂപ തന്നെയാണ് ചേർത്തിരിക്കുന്നത്.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക

## പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,93,09,105 |
| വരവ് | 7,52,73,939 |
| ആകെ | 9,45,83,044 |
| ചെലവ് | 7,59,05,760 |
| നീക്കിയിരിപ്പ് | 1,86,77,284 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 2,85,22,583 | 1,71,17,721 | 60 |
| വികസനഫണ്ട് - എസ്.സി.പി. | 1,23,34,626 | 79,05,179 | 64 |
| വികസനഫണ്ട് - ടി.എസ്.പി. | 4,86,324 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 44,39,985 | 29,75,776 | 67 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 33,03,996 + (മുന്നിരിപ്പ് 9,15,842) | 37,22,835 | 88 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 97 | 5,69,49,619 | 93 | 2,87,27,891 | 41 | 4 | 50.44 |

# 1-7 തനത് വരുമാനം

വാടക,ടെണ്ടർ ഫോം വിറ്റുവരവ്, വൃക്ഷങ്ങളിൽ നിന്നുള്ള ആദായം, പലിശ എന്നീ ഇനങ്ങളിലുള്ള നാമമാത്രമായ വരവ് മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനമായിട്ടുള്ളൂ. 2015-16ൽ 34,483/- രൂപയാണ് തനത് വരുമാനം. 2016-17 ൽ താഴെ പറയുന്ന ഇനങ്ങളിലായി 44,778/- രൂപ തനത് വരുമാനമുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരവ് | 2,800 |
| 2 | ടെണ്ടർ ഫോറം, മരങ്ങൾ വിറ്റുവരവ് | 8,200 |
| 3 | വാടക | 13,900 |
| 4 | പലിശ | 19,878 |

| | |
|---|---|
| ആകെ | 44,778 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2017 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലയെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ പ്രധാനപ്പെട്ട രജിസ്റ്ററുകളെല്ലാം നന്നായി എഴുതി സൂക്ഷിയ്ക്കുന്നുണ്ട്. വൗച്ചറുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ മുതലായവ നല്ല രീതിലാണ് എഴുതി സൂക്ഷിയ്ക്കുന്നത്. എന്നാൽ ആസ്തി രജിസ്റ്റർ കൃത്യമായി എഴുതുന്നില്ല. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല. തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളിൽ കേവലം 50% മാത്രമാണ് പൂർത്തീകരിക്കാനായത്. പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06/07/2017 മുതൽ 14/07/17 വരെ | 2016-17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/03/2014 വരെ | 2009-10മുതൽ 2012-13 വരെ | 16.05.2014 |

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമസഭ യുടെ അംഗീകാരം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകി.

പ്രോജക്ട് നം.SO103/16 പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 25,000/-രൂപ വീതം മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 11.01.2016-ലെ സർക്കാർ ഉത്തരവ് നം.4/16 തസ്വഭവ. പ്രകാരം ധനസഹായം നൽകുന്നതിന് മുമ്പായി ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. 20 വിദ്യാർത്ഥികൾക്ക് 25,000/-രൂപ വീതം ധനസഹായം നൽകുന്നതിനുള്ള പ്രസ്തുത പ്രോജക്റ്റിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭയുടെ അംഗീകാരത്തോടെയല്ല. ഗ്രാമ സഭയുടെ അംഗീകാരം ലഭിക്കാതെ സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 2) നൽകിയിരുന്നു. പത്രപ്പരസ്യം നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നാണ് മറുപടി ലഭ്യമാക്കിയത്. ഈ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭ മുഖേനയാവേണ്ടതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും ഭാവിയിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു മാത്രം പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്. ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കുന്നതു വരെ മേൽപ്രകാരം സ്കോളർഷിപ്പ് നൽകിയ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം | തീയതി | തുക |
|---|---|---|
| VBP 01/2017 | 23.02.2017 | 2,50,000 |
| VBP 02/2017 | 25.01.2017 | 2,50,000 |
| ആകെ | | 5,00,000 |

# 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട വെങ്ങോല ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ടോയിലെറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 6,17,821/-രൂപ വെങ്ങോല ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശങ്ങളോ വിനിയോഗ സാക്ഷ്യപത്രമോ പൂർത്തീകരണ സാക്ഷ്യപത്രമോ ഫയലിൽ നിന്നും ലഭ്യമല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.5 )നൽകിയിരുന്നു. വിനിയോഗ സാക്ഷ്യപത്രവും അനുബന്ധ രേഖകളും പിന്നീട് ലഭ്യമാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ 6,17,821/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. SO117/17 ,ബിൽ നം.25/2016-17 തീയതി .20/02/2017

# 3-3 ഭവന നിർമ്മാണ പദ്ധതികൾ -അവലോകനം

കേന്ദ്ര കാബിനറ്റിന്റെ 23.03.2016 ലെ തീരുമാന പ്രകാരം ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) നിർത്തലാക്കി. ഈ പദ്ധതി 2016 – 17 മുതൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിൽ നടപ്പിലാക്കിവരുന്നു. ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം പട്ടിക ജാതി - പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭിക്കേണ്ട തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാൻ 07.10.2016 ലെ സ.ഉ.(സാ) നം. 2850 / 2016 / തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ ഐ. എ.വൈ / പി.എം. എ.വൈ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ആകെ അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 05/17 | ഐ.എ.വൈ-അധിക ധനസഹായം എസ്.സി.പി | 8,32,000 | 8,32,000 |
| 2 | 08/17 | പി.എം.എ.വൈ-പദ്ധതി വിഹിതം-ജനറൽ | 8,64,000 | 5,76,000 |
| 3 | 09/17 | പി.എം.എ.വൈ-പദ്ധതി വിഹിതം-എസ്.സി. | 3,84,000 | 2,24,000 |
| 4 | 129/17 | ഐ.എ.വൈ- അധിക ധനസഹായം എസ്.സി.പി | 40,00,000 | 40,00,000 |
| 5 | 131/17 | ഐ.എ.വൈ- അധിക ധനസഹായം എസ്.സി.പി | 2,00,000 | 2,00,000 |
| 6 | 146/17 | ഐ.എ.വൈ- അധിക ധനസഹായം എസ്.സി.പി | 22,40,000 | 22,40,000 |
| 7 | 14/17 | ഐ.എ.വൈ- അധിക ധനസഹായം ടി.എസ്.പി | 20,000 | 20,000 |
| ആകെ | | | 97,00,000 | 80,92,000 |

2016-17 ൽ താഴെ പറയും പ്രകാരം ആകെ 218 ഗുണഭോക്താക്കൾക്കായാണ് മേൽ പ്രകാരം 80,92,000/- രൂപ ചെലവഴിച്ചിട്ടുള്ളത്.

| വിഭാഗം | ആകെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിച്ചത് | ഭവന നിർമ്മാണം പൂർത്തീയാക്കാത്തത് |
|---|---|---|---|
| സ്പിൽ ഓവർ ഗുണഭോക്താക്കൾ | 191 | 156 | 35 |
| പുതിയ ഗുണഭോക്താക്കൾ | 27 | 1 | 26 |
| ആകെ | 218 | 157 | 61 |

31.03-2017 ൽ ആകെ 61 ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തവരായുണ്ട്. ഇതിൽ 35 ഗുണഭോക്താക്കൾ 2009 –10 മുതൽ 2015 -16 വരെ ഭവനനിർമ്മാണത്തിന് ധനസഹായം കൈപറ്റിയിട്ടും പണി പൂർത്തീകരിക്കാത്തവരും 27 പേർ 2016-17 ൽ പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുമാണ്. ഗ്രാമവികസന കമ്മീഷണറുടെ 31.12.2016 ലെ സർക്കുലർ നം. 7644 / എച്ച്.ഇ. & റ്റി / 2016 / സി ആർ ഡി പ്രകാരം ഐ.എ.വൈ.സ്പിൽ ഓവർ വീടുകളുടെ പൂർത്തികരണത്തിന് ജനകീയ പങ്കാളിത്തത്തോടെ ഒരു കർമ്മ പരിപാടി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. 2015 -16 വരെ ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റി പൂർത്തീകരിക്കാൻ ഉള്ളതായി കണ്ടെത്തുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, 2017 ജനവരിയിൽ തുടങ്ങി മാർച്ചിൽ പൂർണ്ണമായും നിർമാണം പൂർത്തികരിക്കത്തക്കവിധം നിശ്ചിത സമയക്രമം പാലിച്ച് നടപ്പാക്കേണ്ട കർമ്മ പരിപാടിയാണ് പ്രസ്തുത സർക്കുലർ മുന്നോട്ടു വെച്ചത്. ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മുഴുവൻ ഗുണഭോക്താക്കളുടേയും ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 വാഴക്കുളം ബ്ളോക്ക് പഞ്ചായത്ത് എസ്.സി.പി.ഫണ്ട് വിനിയോഗം സംബന്ധിച്ച്

2016-17 വർഷത്തെ എസ്.സി.പി.ഫണ്ട് വിനിയോഗം താഴെ ചേർക്കുന്നു.

| | |
|---|---|
| അലോട്ട്മെന്റ് | 1,23,34,626 |
| ചെലവ് | 79,05,179 |
| ചെലവ് % | 64.08% |

1994 ലെ കേരള പഞ്ചായത്തി രാജ് ആക്ട് 172-ാം വകുപ്പ് 1ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വികസനം സംബന്ധിച്ച ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, നിർവ്വഹണോദ്യോഗസ്ഥനായ എസ്.സി.ഡി.ഒ 5,00,000/- രൂപ അടങ്കലും, 5,00,000/- ചെലവുമുള്ള 1പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയത്. SCP ഫണ്ട് 1,23,34,626/- രൂപ അലോട്ട്മെന്റ് ലഭിച്ചിട്ടും ചെലവിന്റെ 6.3% മാത്രമാണ് എസ്.സി.ഡി.ഒ നിർവ്വഹണം നടത്തിയത്. ആകെ ചെലവിന്റെ 62.08% തുക എ.എക്സ്.ഇ ആണ് ചെലവഴിച്ചത്. എസ്.സി.പി.ഫണ്ടിന്റെ ഭൂരിഭാഗവും റോഡ് റീടാറിംഗ്, റോഡ് നവീകരണം, കട്ട വിരിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കാണ് ഉപയോഗിച്ചത്. ഈ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയത് എ.എക്സ്.ഇ ആണ്. പഞ്ചായത്ത് രാജ് ആക്ടിന്റെ മേൽ വകുപ്പിന്റെ ലംഘനമാണ് ഇത്. ജി.ഒ. (എം.എസ്.) 4/2016 തസ്വഭവ.തീയതി 11-01-2016 ലെ ബ്ളോക്ക് പഞ്ചായത്ത് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളിൽ നിന്ന് വ്യത്യസ്തമായി പ്രോജക്ടുകൾ നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് 7.11.2017- ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) ലഭിച്ച മറുപടിയിൽ മേലിൽ പദ്ധതി ആസൂത്രണത്തിൽ മാനദണ്ഡങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാഴക്കുളം ബ്ളോക്ക് പഞ്ചായത്തിനു കീഴിലുള്ള കീഴ്മാട്, എടത്തല, ചൂർണ്ണിക്കര, വെങ്ങോല, വാഴക്കുളം, കിഴക്കമ്പലം എന്നീ പഞ്ചായത്തുകൾ എസ്. സി. ജനവിഭാഗത്തിന് മുൻതൂക്കമുള്ളവയാണ്. എന്നാൽ ഇതിനനുസൃതമായ പ്രോജക്ടുകൾ ആവിഷ്കരിക്കുകയോ,നടപ്പാക്കുകയോ ചെയ്തിട്ടില്ല.എസ്.സി.പി.ഫണ്ട് ഫലപ്രദമായി

വിനിയോഗിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-5 നെട്ടുമല എസ്.സി .കോളനി നവീകരണം( വെങ്ങോല പഞ്ചായത്ത്) -അപാകതകൾ

| | |
|---|---|
| പ്രോജക്ട്നം | 87/17(എസ്.സി.പി) |
| അടങ്കൽ | 500000 |
| ചെലവ് | 460198 |
| നിർവ്വഹണം | എ.എക്സ്.ഇ |
| എംബുക്ക് നം | 6/2017 |

എസ്. സി. പി ഫണ്ട് ഉപയോഗിച്ച് എ. എക്സ്. ഇ നടപ്പാക്കിയ പ്രോജക്ടായാണ് നെട്ടുമല എസ്. സി .കോളനി നവീകരണം എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത് സംരക്ഷണഭിത്തി കെട്ടുക എന്നതാണ്. എസ്. സി. ഡി. ഒ വാഴക്കുളം നല്കിയ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 65 എസ്. സി. കുടുംബങ്ങൾക്കും, 8 പൊതുവിഭാഗക്കാർക്കും പ്രോജക്ട് പ്രയോജനപ്പെടുമെന്നും, ഗുണഭോക്താക്കളിൽ 51% പേരിലധികം എസ്. സി. വിഭാഗക്കാരാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 7-11-2017ൽ നടത്തിയ സ്ഥല പരിശോധനയിൽ കോളനിയിൽ പലയിടത്തായി താമസിക്കുന്ന 7 കുടുംബങ്ങൾക്ക് അവരുടെ വസ്തുവിന് സംരക്ഷണഭിത്തി നിർമ്മിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.കോളനിക്ക് നടുവിലൂടെയുള്ള റോഡിന് ഇരുവശവുമായി താരതമ്യേന നിരപ്പുള്ള സ്ഥലത്തുള്ള ഗുണഭോക്താക്കൾക്കാണ് സംരക്ഷണഭിത്തി നിർമ്മിച്ചു നല്കിയിരിക്കുന്നത്.ഇത്തരത്തിൽ നിർമ്മിച്ചു നല്കിയ ഭിത്തി കോളനിയിലെ മറ്റു കുടുംബങ്ങൾക്ക് പ്രത്യക്ഷമായോ,പരോക്ഷമായോ യാതൊരു പ്രയോജനവും നല്കുന്നില്ല.മാത്രമല്ല നെട്ടുമല കോളനിയിൽ അടിയന്തിരമായി ചെയ്യേണ്ട നിരവധി പ്രവൃത്തികൾ ഉണ്ട്. അടങ്കൽ തുകയ്ക്ക് മൊത്തത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.പ്രോജക്ടിൽ ഒരിടത്തും കോളനിയുടെ ഏത് ഭാഗത്ത് എന്തു പ്രവൃത്തി ചെയ്യുന്നുവെന്ന് വ്യക്തമാക്കിയിട്ടില്ല. ഫീസിബിലിറ്റി നല്കിയ ഉദ്യോഗസ്ഥൻ 65 എസ്. സി. കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന പ്രോജക്ട് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ ആവശ്യകതയും മുൻഗണനയും തീരുമാനിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ്, ഭരണസമിതി സാമ്പത്തികാനുമതി എന്നിവ നൽകുന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചിട്ടില്ല.

പ്രോജക്ട് ഫയലിലെ എം. ബുക്കിലെ രേഖപ്പെടുത്തലിൽ നിന്നാണ് 7 വ്യക്തികളുടെ പുരയിടത്തിനു സംരക്ഷണ ഭിത്തി കെട്ടി എന്നു വ്യക്തമാക്കുന്നത്. കോളനിയിൽ പലയിടത്തായി താമസിക്കുന്ന ഇവരുടെ പുരയിടത്തിന്റെ സംരക്ഷഭിത്തി മറ്റൊരാൾക്കു പൊതുവായിപ്പോലും പ്രവേശനം കിട്ടുന്നില്ല. താഴെ പറയുന്ന 7 വ്യക്തികളുടെ പുരയിടത്തിനാണ് സംരക്ഷണഭിത്തി കെട്ടി നല്കിയത്.

1.അപ്പു
2.അനി
3.ശശി
4.അംബിക
5.അപ്പുക്കുട്ടൻ
6.സി.കെ.കുമാരൻ
7.അപ്പുക്കുട്ടൻ

മേൽ പറഞ്ഞവരെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുവാനുള്ള കാരണം,മാനദണ്ഡം എന്നിവ എസ്.സി.ഡി.ഒ, എസ്.സി.പ്രൊമോട്ടർ എന്നിവർക്ക് വ്യക്തമാക്കാൻ കഴിഞ്ഞില്ല.നെട്ടുമല എസ്.സി .കോളനിയിൽ നിരവധി മറ്റ് നവീകരണ പ്രവർത്തനങ്ങൾ ആവശ്യമുള്ളപ്പോൾ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യങ്ങൾ നല്കാനിടയായതിനും ,നടത്തിയ നിർമാണപ്രവർത്തനം വ്യക്തിഗതമാണെന്ന് ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥൻ ഫയലിൽ രേഖപ്പെടുത്താതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ (നം.3/8.11.17) മറുപടിയിൽ കാരണങ്ങൾ പറഞ്ഞിട്ടില്ല.നിരവധി നിർദ്ധന കുടുംബങ്ങൾക്ക് പ്രയോജനപ്പെടുമായിരുന്ന പ്രോജക്ട് ഏതാനും വ്യക്തികൾക്ക് മാത്രമായി

നല്ലാനിടയായതിനെക്കുറിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-6 മരാമത്ത് പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപ്പാക്കിയത് അനുകരണീയം

2016-17 വർഷം ബ്ലോക്ക് പഞ്ചായത്തിൽ 5,00,000/- രൂപ അടങ്കൽ വരുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേനയാണ് നിർവ്വഹണം നടത്തിയത്.

| ടെണ്ടർ നടത്തിയ ആകെ പ്രോജക്ടുകളുടെ എണ്ണം | സാധാരണ ടെണ്ടർ നടത്തിയ ആകെ പ്രോജക്ടുകളുടെ എണ്ണം | ഇ- ടെണ്ടർ നടത്തിയ ആകെ പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ തുക (തുക ലക്ഷത്തിൽ) | ലാഭം (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 53 | 0 | 53 | 285.04 | 50.51 |

ഇപ്രകാരം 53 പ്രവർത്തികൾ ഇ-ടെണ്ടർ ചെയ്തുവഴി 50.51 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് ടെണ്ടർ സേവിംഗ്സ് ലഭിയ്ക്കുകയും ഈ തുക മറ്റു പദ്ധതികൾക്കായി വിനിയോഗിക്കാനും സാധിച്ചിട്ടുണ്ട്. ഇത് അനുകരണീയവും പ്രശംസനീയവുമായ മാതൃകയായി ഓഡിറ്റ് വിലയിരുത്തുന്നു. ടെണ്ടർ ഫാറത്തിന്റെ വില എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിലേക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1,51,46,798 | ഐ.എ.വൈ.അധിക ധനസഹായം | 42,28,528 | 1,09,18,270 |
| ഗ്രാമ പഞ്ചായത്തുകൾ | 1,77,05,000 | ഐ.എ.വൈ.അധിക ധനസഹായം | 1,47,57,918 | 29,47,082 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | GO (M S) No. 193/2013/lsgd തീയതി. 24/5/2013 | 73,00,000 | 21,42,411 | 7,82,113 | 0 | 13,60,298 |

വായ്പ തിരിച്ചടച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.7 | 2008-09 | -- | വനിതകൾക്ക് തൊഴിൽ പരിശീലനം | തടസ്സം തുടരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 7,52,73,939 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 7,59,05,760 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 11,17,821 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,00,000 | ശ്രീ വിജിരാജ്. എം.ആർ, പട്ടിക ജാതി വികസന ഓഫീസർ |
| 3-2 | 6,17,821 | ശ്രീ. റിച്ച്മോൻ. കെ.എ, സെക്രട്ടറി |
| ആകെ | 11,17,821 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വിജിരാജ്. എം.ആർ, പട്ടിക ജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ<br>വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | മഠത്തിൽ ഹൗസ്<br>തുരുത്തി.പി.ഒ<br>കുറുപ്പംപടി,<br>പെരുമ്പാവൂർ |
| ശ്രീ. റിച്ച്മോൻ. കെ.എ<br>സെക്രട്ടറി | സെക്രട്ടറി<br>വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | കളരിക്കൽ വീട്<br>ടി.എം.സി.25/206<br>കാക്കനാട്<br>വെസ്റ്റ്.പി.ഒ- 682030 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96&<br>1996-97 | എൽഎഫ്ഇ(സി1)327/99,<br>01.09.1999 |

| | |
|---|---|
| 1997-98 | എൽഎഫ്ഇ(സി1)72/2000,<br>10.08.2000 |
| 1998-99 | എൽഎഫ്ഇ(സി1)697/01,<br>09.10.01 |
| 1999-2000 | എൽഎഫ്ഇ(സി1)1339/02,<br>05.05.2003 |
| 2000-01 | എൽഎഫ്ഇ(സി1)1082/04,<br>25.01.05 |
| 2001-02 | എൽഎഫ്ഇ(സി1)857/05,<br>27.01.06 |
| 2007-08 | എൽഎഫ്ഇ(സി1)288/10,<br>08.12.10 |
| 2008-09 | എൽഎഫ്ഇ(സി1)417/11,<br>07.02.12 |
| 2009-10 | എൽഎഫ്ഇ(സി1)418/11,<br>07.02.12 |
| 2010-11 | എൽഎഫ്ഇ(ബി.പി2)296/12,<br>01.08.12 |
| 2011-12 | എൽഎഫ്ഇ(ബി.പി2)299/13,<br>14.05.13 |
| 2012-13 | എൽഎഫ്ഇ(ബി.പി2)271/14,<br>28.03.14 |
| 2013-14&<br>2014-15 | കെ.എസ്.എ ഇകെഎം(ബി.പി3)562/16<br>04.04.16 |
| 2015-16 | കെ.എസ്.എ ഇകെഎം(ബി.പി)333/17<br>05.04.17 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.KSAEKM.(BP)2207 /17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

തീയതി: 14.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ലെ പരാമർശമൊഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

APPENDIX 1

KSA-EKM (BP) 2207/2017

Kerala State Audit
Department,
District Audit Office, Ernakulam
Date: 14.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of VAZHAKULAM Block Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of VAZHAKULAM Block Panchayat for the year 2016-17, except para no 1-3 of my audit report properly presents the picture of income and expenditure.

Joint Director
Kerala State Audit Department